ശ്രീ. എം. ദാസൻ : കേരളത്തിലെ കൊമേഴ്സ്യൽ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി നടപ്പിലാക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്ന നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : കൊമേഴ്സ്യൽ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നുള്ള തത്വത്തോട് ഗവൺമെന്റ് യോജിക്കുന്നു. എന്നാൽ ക്ഷേമനിധി എന്നു പറയുന്നത് കൊമേഴ്സ്യൽ തൊഴിലാളികൾക്ക് മാത്രമല്ല, സംസ്ഥാനത്തെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കെല്ലാം ക്ഷേമനിധി വേണമെന്നുള്ള ഡിമാന്റാണ് ഇപ്പോൾ അവർ ഉന്നയിച്ചിരിക്കുന്നത്. നിലവിലിരിക്കുന്ന ക്ഷേമനിധിയെപ്പറ്റിയും അതിന്റെ പ്രവർത്തനങ്ങളെപ്പറ്റിയുമൊക്കെ ഗവൺമെന്റ് പരിശോധിച്ചപ്പോൾ ചിലതിനൊക്കെ സ്വന്തമായി നിലനിൽക്കുന്നതിന് കുറേ വൈഷമ്യങ്ങളുണ്ടെന്ന് ഗവൺമെന്റിനു ബോദ്ധ്യമായിട്ടുണ്ട്. അതുകൊണ്ട് ഇനി മേലിൽ ഉണ്ടാക്കുന്ന പതിനായിരവും ഇരുപതിനായിരവും ഇരുപത്തയ്യായിരവും പേരുള്ള ചെറിയ ചെറിയ ക്ഷേമനിധി ബോർഡുകൾ ലേബർ അജണ്ടയുടെ കീഴിൽ കൊണ്ടുവന്ന് ചെലവുകൾ കുറച്ച് അതിന്റെ പ്രവർത്തനങ്ങൾ സുരക്ഷിതമാക്കുന്നതിന് വേണ്ടിയാണ് ലേബർ അതോറിറ്റീസ് രൂപീകരിച്ചിരിക്കുന്നത്.

കടൽവെള്ളം ശുദ്ധീകരിക്കുന്നതിന് പദ്ധതി

2 (*32) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. രാജു :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരമാലയിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് കടൽവെള്ളം ശുദ്ധീകരിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) ഈ ശുദ്ധജലം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : ഇതൊരു കുഴഞ്ഞ ചോദ്യമാണ്. ഇത് കേരളാ ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതിയെക്കുറിച്ചുള്ള ചോദ്യമല്ല. കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതിയെക്കുറിച്ചുള്ള ചോദ്യമാണ്. എങ്കിലും ഞാൻ ഉത്തരം തയ്യാറാക്കിയിട്ടുണ്ട്. കിട്ടിയിടത്തോളം വിവരങ്ങൾ പറയാം.

(എ) സംസ്ഥാന സർക്കാർ തലത്തിൽ ആരംഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. മീനാക്ഷി തമ്പാൻ : കടൽ ജലം ശുദ്ധീകരിക്കുന്നത് മറ്റു പല രാജ്യങ്ങളിലും പ്രത്യേകിച്ച് വിദേശരാജ്യങ്ങളിലും മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലും നടക്കുന്ന ഒരു പ്രക്രിയയാണ്. തീരദേശ പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. മറ്റു പ്രദേശങ്ങളിൽ നിന്നാണ് വെള്ളം കൊണ്ടു വരുന്നത്. സംസ്ഥാനത്ത് കടൽ ജലം ശുദ്ധീകരിക്കുന്ന ഇത്തരം ഒരു പദ്ധതിയെക്കുറിച്ച് ആലോചിച്ചു കൂടേ ? അതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. സി. കബീർ : ഈ ചോദ്യം പോർട്ട് വകുപ്പിലേക്ക് വന്നതുകൊണ്ടാണ് ഞാൻ മറുപടി പറയുന്നത്. വിഴിഞ്ഞത്താണ് ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. അതുകൊണ്ടാണ് ഞാൻ മറുപടി പറയുന്നത്. ഞങ്ങൾ ആരു മറുപടി പറഞ്ഞാലും കുഴപ്പമില്ല. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിക്ക് ഇങ്ങനെ ഒരു പദ്ധതിയുണ്ട്. തിരമാലകളിൽ നിന്നെടുക്കുന്ന വൈദ്യുതി ഉപയോഗിച്ച് ഏകദേശം പതിനായിരം ലിറ്റർ വെള്ളം ശുദ്ധീകരിക്കാനുള്ള ഒരു പദ്ധതി അവർ തയ്യാറാക്കിയിട്ടുണ്ട്. പരീക്ഷണാർത്ഥം അയ്യായിരം ലിറ്റർ വെള്ളം ശുദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതിനിടയിൽ യന്ത്രത്തിനു കേടു വന്നു. യന്ത്രം കേടു തീർക്കാൻ കൊണ്ടു പോയിരിക്കുകയാണ്. തിരിച്ചുകൊണ്ടുവന്നാൽ വീണ്ടും വെള്ളം ശുദ്ധീകരിക്കാം എന്നാണ് ഉദ്യോഗസ്ഥന്മാർ ഉറപ്പു നൽകിയിരിക്കുന്നത്.

ശ്രീ. സത്യൻ മൊകേരി : തീരപ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം വളരെ രൂക്ഷമായി വരുകയാണ്. ഉപ്പുവെള്ളം മാത്രമേ പല മേഖലകളിലും ഉള്ളു. ഇത്തരം മേഘലകളിൽ കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കി മാറ്റുന്നതിനുവേണ്ടി ചില പദ്ധതികൾക്ക് രൂപം നൽകാൻ ഗവൺമെന്റ് ഇപ്പോൾത്തന്നെ ശ്രമിക്കേണ്ടതാണ്. തിരമാലകളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് ഈ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പദ്ധതിയെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : കടൽവെള്ളം ശുദ്ധി ചെയ്ത് കുടിവെള്ളമായി കൊടുക്കുന്നതിനുവേണ്ടി കഴിഞ്ഞ കുറേ വർഷങ്ങൾക്കു മുമ്പ് ഒരു പരിശോധന നടന്നതാണ്. അത് ഫീസിബിളല്ല. അതിന് കോടിക്കണക്കിനു രൂപ ചെലവു വരും. ശുദ്ധീകരിച്ച കടൽവെള്ളം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഫാക്ടറികളുണ്ട്. ഖാദർകുട്ടിയുടെ വളപട്ടണത്തുള്ള ഫാക്ടറിയിൽ കടൽവെള്ളം ശുദ്ധീകരിച്ചാണ് ഉപയോഗിക്കുന്നത്.

ശ്രീ. പി. രാജു : തീരപ്രദേശങ്ങളിൽ സാധാരണയായിട്ട് കിണർ കുഴിച്ചാലും കുളം കുഴിച്ചാലും കിട്ടുന്നത് ഉപ്പുവെള്ളമാണ്. കടൽവെള്ളം ശുദ്ധീകരിക്കുന്നതിന്റെ ഭാഗമായിട്ട് ആ വെള്ളം ശുദ്ധീകരിക്കാൻ പദ്ധതിയുണ്ടാക്കാൻ കഴിയുമോ ? അതോടൊപ്പം വ്യവസായ സ്ഥാപനങ്ങൾക്ക്, പ്രത്യേകിച്ച് ഓയിൽ റിഫൈനറി പോലുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് ഒരു ദിവസം ദശലക്ഷക്കണക്കിന് ലിറ്റർ വെള്ളം ആവശ്യമുണ്ട്. കുടിവെള്ളമായി ഉപയോഗിക്കുന്ന പെരിയാറിലെ

LIBRARY ARCHIVES Kerala Legislative Assembly

വെള്ളമാണ് ഇപ്പോൾ ഈ വ്യവസായസ്ഥാപനങ്ങളിലെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. അങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് ഈ കടൽവെള്ളം അവരുടെ ചെലവിൽ ശുദ്ധീകരിച്ച് എടുപ്പിക്കാൻ കഴിഞ്ഞാൽ കുടിവെള്ളത്തിന്റെ ചെലവ് ചുരുക്കാൻ കഴിയും. അതിനാവശ്യമായ ചർച്ചകൾ നടത്താനോ നടപടികൾ സ്വീകരിക്കാനോ ഗവൺമെന്റ് തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : കടൽവെള്ളം ശുദ്ധീകരിക്കാനുള്ള മെഷീനറി ഇപ്പോൾ ഉണ്ട്. മദ്രാസിലാണ് അതിന്റെ കേന്ദ്രം. കാശ് കുറച്ച് ഉണ്ടെങ്കിൽ കടൽവെള്ളം ശുദ്ധീകരിക്കാൻ കഴിയും. ഖാദർകുട്ടിസാഹിബും ഞാനുംകൂടി ഇക്കാര്യം ഡിസ്കസ് ചെയ്തിട്ടുണ്ട്. ഒന്ന് ഒന്നര കൊല്ലമായിട്ട് അദ്ദേഹം കടൽവെള്ളമെടുത്ത് ശുദ്ധീകരിക്കുക യാണ്. അതിന് കുറച്ച് കാശ് വേണം. അത്രയേ വേണ്ടൂ. എങ്കിൽ നമുക്കും ചെയ്യാൻ കഴിയും.....ഇത് വയബിളാണ്.

മി. സ്പീക്കർ : കാശ് കുറച്ച് വേണമെന്നാണ് പറയുന്നത്.

ശ്രീ. പി. രാജു : ഇതുമായി ബന്ധപ്പെട്ട എന്റെ രണ്ടാമത്തെ ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത് ; അതാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കുടിവെള്ളം രൂക്ഷമായിരിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാനാണ് നമ്മൾ ഇപ്പോൾ കടൽവെള്ളം ശുദ്ധീകരിക്കാൻ ശ്രമിക്കുന്നത്. എറണാകുളം ജില്ലയിലെ പടിഞ്ഞാറൻ പ്രദേശമായ പറവൂർ, വടക്കേക്കര, വൈപ്പിൻ തുടങ്ങിയ പ്രദേശങ്ങൾ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. ഒരുദിവസം 2 കോടി 80 ലക്ഷം രൂപയാണ് വൈപ്പിൻകര മാത്രം ടാങ്കർ ലോറിയിൽ വെള്ളം കൊടുക്കുന്നതിന് ചെലവാകുന്നത്. ഭാരിച്ച ചെലവ് വഹിക്കുന്ന സാഹചര്യമുണ്ട്. ആ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി ചൊവ്വര-പറവൂർ ശുദ്ധജലവിതരണ പദ്ധതിയ്ക്ക് 1998-ൽ ഗവൺമെന്റ് ഭരണാനുമതി നൽകിയതാണ്. ഹഡ്കോ വായ്പയായി 38 കോടി രൂപ ലഭിച്ചതാണ്. ആദ്യം സംസ്ഥാന പൊതുമേഖലാ സ്ഥാപനത്തിന് കൊടുക്കാൻ തീരുമാനിച്ചു. അപ്പോൾ സാങ്കേതിക പ്രശ്നമുണ്ടായി. അവർക്ക് കൊടുക്കണ്ട എന്നു തീരുമാനിച്ചു. പിന്നീട് കേന്ദ്ര പൊതുമേഖലാസ്ഥാപനത്തിന് കൊടുക്കാൻ തീരുമാനിച്ചു. ഇപ്പോൾ അതും മാറിയിരിക്കുകയാണ്. വീണ്ടും ടെണ്ടർ ചെയ്യാൻ പോകുന്നു എന്നു പറയുന്നു. എങ്ങനെയായാലും തരക്കേടില്ല. രണ്ടു മൂന്ന് വർഷക്കാലം കഴിഞ്ഞിരിക്കുന്നു. ഇനിയും ടെണ്ടർ ചെയ്യുമ്പോൾ ഏറ്റവും അടുത്ത ദിവസം ഈ ടെണ്ടർ പൂർത്തീകരിച്ച് അതിന്റെ വർക്ക് ആരംഭിക്കാൻ കഴിയുന്ന സാഹചര്യം, നിർബന്ധപൂർവ്വം പ്രത്യേക സംവിധാനം ഏർപ്പെടുത്തി ഗവൺമെന്റ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല. എങ്കിലും അദ്ദേഹം ഉന്നയിച്ചിരിക്കുന്ന പ്രശ്നം ഗൗരവമുള്ളതാണ്. ഒരു മേഖല യിൽ കുടിവെള്ളം ലഭിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ ഒരു പ്രോജക്ടാണ്. ചില സാങ്കേതികമായ കാരണങ്ങളാൽ കുറച്ച് കാലതാമസം വന്നു. ആ കാലതാമസം ഒക്കെ നീക്കി, സാങ്കേതികമായ കാരണങ്ങൾ മാറ്റപ്പെട്ട് ഇപ്പോൾ അടിയന്തിരമായി ടെണ്ടർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അടിയന്തിരമായി അത് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു : നോൺ കൺവെൻഷണൽ എനർജി ഉപയോഗിക്കുന്നതുകൊണ്ടായിരിക്കാം ഇത്രയും വലിയ കോസ്റ്റിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അതിനെസംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ? ഒരു പ്രോജക്ട് ഫീസിബിളായിക്കിട്ടുന്നതിന് എന്തുമാത്രം ചെലവു വരും എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ഗവൺമെന്റിന്റെ കൈവശമുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥന്മാർ വളരെക്കാലം മുമ്പ് ഇത് പരിശോധിച്ചിരുന്നു. അതിന്റെ ഡീറ്റെയിൽസൊന്നും എന്റെ കൈവശമില്ല. ഫീസിബിൾ അല്ലാത്തത് എന്തുകൊണ്ട് എന്നുള്ളതിനെ സംബന്ധിച്ച് ഞാൻ പഠിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ അടിയന്തിരമായി ഒരു ചോദ്യം എഴുതിത്തന്നാൽ അതിന്റെ ഡീറ്റെയിൽസ് നിയമസഭയിൽ തരാം.

ശ്രീ. കെ. പ്രകാശ് ബാബു : ഇത് നോൺ കൺവെൻഷണൽ എനർജി ഉപയോഗിക്കുന്നതിനു പകരം മറ്റേതെങ്കിലും തരത്തിലുള്ള വൈദ്യുതി ഉപയോഗിച്ചാൽ കുറച്ചുകൂടി ചെലവ് കുറഞ്ഞ രീതിയിൽ കടൽവെള്ളം ശുദ്ധീകരിക്കാൻ കഴിയുമെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അങ്ങനെ വന്നാൽ സ്രോതസ്സ് ഇല്ലാത്തതിന്റെ പേരിൽ ഇന്ന് മുടങ്ങിക്കിടക്കുന്ന നിരവധി ജലവിതരണ പദ്ധതികൾ കംപ്ലീറ്റ് ചെയ്യുന്നതിനും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനും കഴിയും. അതിനുദാഹരണമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇപ്പോൾ ഒരെണ്ണം ചൂണ്ടിക്കാട്ടുകയും ചെയ്തു. ഇത്തരത്തിലുള്ള പ്രോജക്ടുകൾ ഫീസിബിളാക്കത്തക്ക നിലയിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രോജക്ടുകൾ വേണമെന്നില്ല, നമ്മുടേതായിട്ടുള്ള രീതിയിൽ സംസ്ഥാനഗവൺമെന്റ് അതിന് മുൻകൈയെടുത്ത് ഇത്തരത്തിലുള്ള ചെറിയ ചെറിയ പ്രോജക്ടുകൾ കണ്ടുപിടിക്കുന്നതിന് പരിശ്രമിക്കുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഈ പദ്ധതിയെ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞതുപോലെതന്നെ അവർ പരിശോധിച്ചപ്പോൾ അവരുടെ അഭിപ്രായം നമ്മുടെ സംസ്ഥാനത്തിന് താങ്ങാൻ കഴിയാത്ത വിധത്തിൽ കോടികൾ ചെലവാക്കിയെങ്കിൽ മാത്രമേ ഉപ്പുവെള്ളം ശുദ്ധീകരിച്ച് അത് കുടിവെള്ളമായി കൊടുക്കുന്നതിനു കഴിയുകയുള്ളൂ എന്നാണ്. ചില ഫാക്ടറികൾ വ്യാവസായികാടിസ്ഥാനത്തിൽ, ഇപ്പോൾ വളപട്ടണത്ത് ചെയ്യുന്നതുപോലെ, ചെറിയ ചെറിയ മെഷീനറികൾ സ്ഥാപിച്ച് അവർക്കാവശ്യമുള്ള വെള്ളം ശുദ്ധീകരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൻതോതിൽ കേരളത്തിൽ ഇങ്ങനെ കുടിവെള്ളം കൊടുക്കുന്നതിന് ഒരു പദ്ധതി ആസൂത്രണം ചെയ്യുകയാണെങ്കിൽ കോടിക്കണക്കിനു രൂപ ചെലവാകുമെന്നാണ് ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം.

ശ്രീ. ആര്യാടൻ മുഹമ്മദ് : 32-ാമത്തെ ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. മുഖ്യമന്ത്രിയടക്കം 3 മന്ത്രിമാർ മറുപടി പറയത്തക്കവിധത്തിൽ പ്രധാനപ്പെട്ടതാണ്. തിരമാലയിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് കടൽവെള്ളം ശുദ്ധീകരിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്ന് സ്പെസിഫിക്കായി ആരോഗ്യവകുപ്പുമന്ത്രി മറുപടി പറഞ്ഞു. അതു കഴിഞ്ഞതിന്

ശേഷം മന്ത്രി ഉത്തരം പറഞ്ഞു വളരെ ചെറിയ മെഷീൻ ഉണ്ട്, അത് കേട് വന്നതുകൊണ്ട് ബാംഗ്ലൂരിലേയ്ക്ക് കൊണ്ടുപോയിരിക്കുകയാണ്, വന്നാൽ ഉണ്ടാകുമെന്ന് ഇതിൽ ഏതാണ് ശരി ? അതു കഴിഞ്ഞതിനുശേഷം ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രി പറഞ്ഞു കോടിക്കണക്കിനു രൂപ വേണം. ഇത് വയബിളല്ല എന്ന്. മൂന്നാമതു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു വയബിളാണ്. വളപട്ടണത്തു പരീക്ഷിച്ചു. വ്യവസായത്തിൽപ്പോലും അത് വയബിളാണെന്ന് കാണുന്നു എന്ന്. ഇവിടെ ബഹുമാനപ്പെട്ട മെമ്പറന്മാർ ചൂണ്ടിക്കാണിച്ചതുപോലെ തീരപ്രദേശങ്ങളിൽ ഇത്രയധികം കുടിവെള്ളക്ഷാമം ഉണ്ടായിട്ട് ഈ പ്രോജക്ടിനെക്കുറിച്ച് പഠിക്കാൻപോലും ഗവൺമെന്റ് തയ്യാറായിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞാൻ മുഖവിലയ്ക്കെടുക്കുന്നു. അടിയന്തിരമായി ഇതിനുള്ള ഒരു പ്രോജക്ടുണ്ടാക്കാനും വെള്ളം ശുദ്ധീകരിക്കാനുമുള്ള നടപടി കൈക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാകുമോ ? മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : തയ്യാറാകാമല്ലോ. അതിന് സാമ്പത്തിക ബാദ്ധ്യത എത്രയുണ്ടെന്നു പരിശോധിക്കാം. അതേയുള്ളൂ പ്രശ്നം. വെള്ളം ശുദ്ധീകരിക്കുന്നതിന് കുഴപ്പമില്ല. അതിന്റെ മെഷീനറിയൊക്കെയുണ്ട് ; മദ്രാസിൽ അതിന്റെ സെന്ററുണ്ട്. കാശ് മാത്രമേയുള്ളൂ പ്രശ്നം. അത് എത്ര വേണ്ടിവരുമെന്നു പരിശോധിക്കാം.

ശ്രീ. പി. വിശ്വൻ : ശുദ്ധജല സ്രോതസ് നമ്മുടെ കേരളത്തിൽ ഇഷ്ടംപോലെയുണ്ട്. മഴവെള്ളംതന്നെ സംഭരിച്ച് ശുദ്ധജലം കൊടുക്കാനുള്ള സ്രോതസ് കേരളത്തിൽ ഉണ്ട്. എന്നാൽ ഈ ചോദ്യത്തിലെ പ്രസക്തമായ ഒരു ഭാഗം തിരമാലകളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുമ്പോൾ ആ വൈദ്യുതി മിച്ചം വയ്ക്കുന്നതോടൊപ്പം തന്നെ അതിന്റെ ഭാഗമായി ഉണ്ടാകുന്ന ശുദ്ധജലം. വിതരണം ചെയ്യാനുള്ള വിപുലമായ പദ്ധതികൾക്ക് സർക്കാർ നേതൃത്വം കൊടുക്കുമോയെന്നുള്ളതാണ്. ഇതിനെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്തി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ സർക്കാർ തയ്യാറാകുമോ ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇതിന് മറുപടി പറഞ്ഞു.

ശ്രീ. കെ. എ. ചന്ദ്രൻ : തീരദേശത്തെ കുടിവെള്ളപ്രശ്നത്തിന്, പണമുണ്ടെങ്കിൽ കടലിൽനിന്ന് വെള്ളം ശുദ്ധീകരിച്ച് കൊടുക്കാൻ കഴിയും എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. അത് നടക്കട്ടെ, നടപ്പിലാക്കാൻ ശ്രമിക്കട്ടെ. സർ, പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. പലപല പദ്ധതികളിലായി ബോർവെൽ കുഴിക്കുകയും റിസർവ്വോയറുകളിൽനിന്ന് പമ്പ് ചെയ്യുകയും ചെയ്തതുകൊണ്ട് ഒരു പരിധി വരെ കുടിവെള്ളക്ഷാമത്തിന് പരിഹാരം ഉണ്ടാകുന്നുണ്ട്. ഇപ്പോൾ മിക്ക ബോർവെല്ലുകളിലേയും വെള്ളം താഴ്ന്നു പോയിക്കൊണ്ടിരിക്കുന്നു. പകരം ബോർവെൽ കുഴിക്കേണ്ടതിനെ സംബന്ധിച്ച് സ്ഥലനിർണ്ണയം നടത്തുകയോ നിർണ്ണയം നടത്തിയതിൽ കുഴൽകിണർ കുഴിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയോ ചെയ്യുന്നില്ല. റിസർവ്വോയറുകളിൽനിന്ന് വെള്ളം പമ്പ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു കൊടുക്കുന്ന പമ്പിന് കേടുപാട് പറ്റിയാൽ അതിന്റെ മെയിന്റനൻസ് നടത്താൻ വാട്ടർ അതോറിറ്റിയിൽ പണമില്ല എന്നുപറഞ്ഞ് മെയിന്റനൻസ് നടത്താത്തതിനാൽ ഉള്ള വെള്ളം പാഴായി പോകുകയും ചെയ്യുന്നു. രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള ഈ സമയത്ത് മെച്ചപ്പെട്ട നിലയിൽ കുടിവെള്ളം കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കാൻ കഴിയുമോ ? ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഇതിന്റെ നടപടിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി മറുപടി പറയുമോ ?

മി. സ്പീക്കർ : അത് ഈ ചോദ്യത്തിൽ വരുന്നതല്ല. പോകട്ടെ.

ശ്രീ. കെ. എ. ചന്ദ്രൻ : കുടിവെള്ളക്ഷാമമാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : ഈ ചോദ്യവുമായി ബന്ധമുള്ളതല്ലെങ്കിൽപ്പോലും ബഹുമാനപ്പെട്ട ഒരു മെമ്പർ ഉന്നയിച്ചത് നമ്മുടെ സംസ്ഥാനം നേരിടുന്ന ഗൗരവതരമായ ഒരു പ്രശ്നത്തെ സംബന്ധിച്ചാണ്. നമ്മുടെ സംസ്ഥാനത്ത് ശുദ്ധജലവിതരണം നടക്കുന്നത് കുഴൽകിണർ വഴി അല്ലെങ്കിൽ ബോർവെൽ വഴിയാണ്. ഈ രണ്ട് റിസോഴ്സ്സാണ് നമ്മൾ ഡിപ്പെന്റ് ചെയ്യുന്നത്. ഇതിപ്പോൾ ഒരു പേടിസ്വപ്നമായി മാറുകയാണ്. ഭൂഗർഭ ജലത്തിന്റെ ജലനിരപ്പ് താഴോട്ട് താഴോട്ട് പോകുന്നു. കഴിഞ്ഞ കുറേ കാലങ്ങൾക്കുമുമ്പ് 30 അടി താഴ്ചയിലൊരു കിണർ കുത്തിയാൽ വെള്ളം കാണുമായിരുന്നെങ്കിൽ ഇപ്പോൾ 50 അടി താഴ്ത്തിയാലും വെള്ളം കിട്ടുന്നില്ല. ഭൂഗർഭജലം താണുതാണുപോകുന്നു എന്നുള്ളതാണ് കാരണം. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുവഴിയും മറ്റ് ഏജൻസി വഴിയുമൊക്കെ ഭൂഗർഭ ജലത്തിന്റെ നിരപ്പ് താണുപോകാത്ത തരത്തിൽ മഴക്കാലത്ത് പെയ്യുന്ന വെള്ളത്തിന് സംരക്ഷണം നൽകുന്നതിനുള്ള സംവിധാനങ്ങളൊക്കെ സ്വീകരിച്ചുവരികയാണ്. അതായത്, തോടുകളിലൊക്കെ പരമാവധി പൊതു കിണറുകൾ, പൊതുകുളങ്ങൾ ഇവ ഉണ്ടാക്കുക. അങ്ങനെ മഴക്കാലത്തു കിട്ടുന്ന ഓരോതുള്ളി വെള്ളവും ഉപയോഗപ്പെടുത്തുകയെന്നതാണ് ലക്ഷ്യം. രണ്ടു സീസണുകളിലായി നമ്മുടെ സംസ്ഥാനത്ത് മൂവായിരം മില്ലിമീറ്റർ മഴ ലഭിക്കുമെന്നാണ് കണക്ക്. ഇതിൽ തുച്ഛമായ കണക്ക് വെള്ളംപോലും നമുക്ക് ശേഖരിക്കാൻ കഴിയുന്നില്ല. എല്ലാം കടലിൽ ഒഴുകി പോകുകയാണ്. ഇതൊക്കെ നമ്മുടെ ജലസംരക്ഷണത്തിന്റെ കുറവാണ്. ഗൗരവതരമായി ജലസംരക്ഷണം നടത്തണം. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് ത്രിതലപഞ്ചായത്ത് വഴിയും അല്ലാതെയുമുള്ള നടപടികളൊക്കെ സ്വീകരിച്ചു വരികയാണ്.

ശ്രീ. ജി. കാർത്തികേയൻ : ഇവിടെ ഇപ്പോൾ മറുപടി കേട്ടപ്പോൾ അന്ധൻ ആനയെ കണ്ടതുപോലെയായി. ഫയലുകളുടെ അടിസ്ഥാനത്തിലല്ല മന്ത്രിമാർ മറുപടി പറഞ്ഞത്. ഇത് തമാശയായി കാണേണ്ട കാര്യമല്ല. ഇതിൽ പ്രധാനമായും വന്നിരിക്കുന്നത് തിരമാലയിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് കടൽവെള്ളം ശുദ്ധീകരിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്നുള്ളതാണ് ആദ്യത്തേത്. അതിന് മറുപടി പറയേണ്ടത് വൈദ്യുതി മന്ത്രിയാണ്. അതൊന്ന്, മറ്റൊന്ന് മന്ത്രിമാർക്ക് ഇതിനെക്കുറിച്ച് വിവരമില്ല എന്ന്

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ ജനജീവിതത്തെ സാരമായി ബാധിക്കുന്ന ഒരു പ്രശ്നം. എനിക്ക് ഒരപേക്ഷ അങ്ങയുടെ മുമ്പിൽ വയ്ക്കാനുണ്ട്. ചോദ്യങ്ങൾ വന്നാൽ അത് ബന്ധപ്പെട്ട മന്ത്രിമാർക്ക് കൈമാറണം. അതിന് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയണം. മറുപടിയിൽ അവർക്ക് അറിയാത്ത കാര്യങ്ങൾ അറിയില്ല എന്നു പറയണം. ഇതൊരു തമാശയായി കണക്കാക്കാനുള്ളതല്ല. കടലിൽനിന്നും വെള്ളം എടുത്ത് ശുദ്ധജലം എത്തിക്കുന്നതിനും അതിനുമുമ്പ് തിരമാലകളിൽനിന്നും വൈദ്യുതി ഉണ്ടാക്കുന്ന കാര്യവുമാണ്. ഇതിനെക്കുറിച്ച് വൈദ്യുതി മന്ത്രിക്ക് മറുപടി പറയാം : ഇത് ആദ്യമല്ലല്ലോ. വൈദ്യുതി മന്ത്രി ടൂറിസം തുടങ്ങിയിട്ടില്ലേ, ഉണ്ടല്ലോ. വൈദ്യുതി മന്ത്രി ടൂറിസം നടത്തുന്നുണ്ട്. ഇല്ലേ ? അതുകൊണ്ട് ശുദ്ധജലം എത്തിക്കുന്ന കാര്യം അങ്ങ് ചെയ്യണമെന്നല്ല പറഞ്ഞത്. ചോദ്യം തന്നാൽ മെമ്പർമാർക്ക് സഭയിൽ വ്യക്തമായ ഉത്തരം കിട്ടണം. കോൺട്രഡിക്ടറിയായ മറുപടികൾ ഒരേ കാര്യത്തിൽ മന്ത്രിമാർ സഭയിൽ പറയാൻ പാടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ശരിയായ മറുപടി ഞങ്ങൾക്ക് ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ അങ്ങ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഈ ചോദ്യം ചോദ്യകർത്താക്കൾ ചോദിച്ചിരിക്കുന്നത് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോടാണ്. അതുകൊണ്ട് ഇവിടെനിന്ന് ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രിക്കാണ് ചോദ്യം അയച്ചു കൊടുത്തത്. പക്ഷേ, ഇവിടെ ഈ ചോദ്യത്തിന്റെ മറ്റ് വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ അതിന് ഉത്തരം പറയേണ്ടത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. സി. കബീർ ആണ് എന്ന് മനസ്സിലാക്കിയിട്ട് അങ്ങോട്ട് ട്രാൻസ്ഫർ ചെയ്തു കൊടുത്തു. അങ്ങനെയാണ് അദ്ദേഹം മറുപടി പറഞ്ഞത്. ഈ ചോദ്യം എന്നു പറയുന്നത് വൈദ്യുതിയെ സംബന്ധിച്ചല്ല. തിരമാലകളിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് കടൽവെള്ളം ശുദ്ധീകരിക്കുന്നതാണ് ചോദ്യം. വൈദ്യുതിയല്ല. അതുകൊണ്ടാണ് ഇങ്ങനെ വന്നത്. രണ്ടുമൂന്നു മന്ത്രിമാർ എന്ന നിലയിലൊരു പ്രതീതി ഉണ്ടായത്. അതാണ് സംഭവിച്ചത്. കൂടുതൽ പരിശോധിക്കണമെന്നു പറഞ്ഞതിനോട് യോജിക്കുന്നുണ്ട്. കൂടുതൽ പരിശോധിച്ച് വ്യക്തമായ മറുപടി ആധികാരികമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

തോട്ടം മേഖലകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

3 (*33) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ തോട്ടം മേഖലകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly